(സി) ഉണ്ട്.

(ഡി) ടെണ്ടർ ചെയ്യുവാനുള്ള വർക്ക് ഇനത്തിൽ 36,21,153 രൂപ ചെലവഴിക്കാനുണ്ട്.

വാമനപുരം നിയോജകമണ്ഡലത്തിലെ വൈദ്യുതീകരണ പദ്ധതികൾ

64 [365] ശ്രീ. പിരപ്പൻകോട് മുരളി: താഴെ കാണുന്ന ചോദ്യത്തിന് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

രാജീവ് ഗാന്ധി ഗ്രാമ വൈദ്യുതീകരണ പദ്ധതിയിൽ ഉൾപ്പെടുത്തി അംഗീകാരം ലഭിച്ചിട്ടുള്ള വാമനപുരം നിയോജകമണ്ഡലത്തിലെ വൈദ്യുതീകരണ പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദീകരിക്കുമോ?

ഉത്തരം

രാജീവ് ഗാന്ധി ഗ്രാമീണ വൈദ്യുതീകരണ പദ്ധതി പ്രകാരം സംസ്ഥാനത്തെ 14 ജില്ലകളിലായി 3578 കരകൾ വൈദ്യുതീകരിക്കുന്നതിനുള്ള സ്കീമുകൾ ആർ. ഇ. സി.-ക്ക് സമർപ്പിച്ചു. അതിൽ ഇടുക്കി, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, വയനാട്, കാസർഗോഡ് എന്നീ ജില്ലകളിൽ ഈ പദ്ധതി നടപ്പിലാക്കുന്നതിനുള്ള അനുമതി ആർ. ഇ. സി.-യിൽ നിന്നും ലഭിച്ചിട്ടുണ്ട്. ബാക്കി 7 ജില്ലകൾക്കുള്ള അനുമതി പ്രതീക്ഷിക്കുന്നു.

തിരുവനന്തപുരം ജില്ലയിൽ ഈ പദ്ധതി നടപ്പിലാക്കുന്നതിനുവേണ്ടി സമർപ്പിച്ച സ്കീമിൽ വാമനപുരം നിയോജകമണ്ഡലത്തിലെ കല്ലറ, പാങ്ങോട്, മൊട്ടുട്ടുകല, തോട്ടിൻപുറം, ചുടലമൻപുരം, വാഴോട്ടു-അറ്റുവലിയരിങ്ങോട്, പെരിങ്ങൻമല, ശാസ്തമണ്ണ, വെളിയംകല, കാട്ടുകുഴി, കേഴുക്കര, തേന്നൂർ, മുളമുതുമൻപുരം, നെയ്യാറ്റം, പള്ളിപ്പുര, പാലോട്, പ്ലാമല കരിക്കകം, ഇലവ്യാപാലം താന്നിമൂട് എന്നീ കരകൾ വൈദ്യുതീകരിക്കുന്നതിന് ലക്ഷ്യമിട്ടിട്ടുണ്ട്.

അഗളി എ. ഇ. ഓഫീസിനു കീഴിൽ ടെണ്ടർ ചെയ്ത വർക്കുകൾ

65 [366] ശ്രീ. കളത്തിൽ അബ്ദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണ്ണാർക്കാട് നിയോജകമണ്ഡലത്തിൽ എം. എൽ. എ.-യുടെ പ്രാദേശിക വികസന ഫണ്ടിൽ ഉൾപ്പെടുത്തി അഗളി എ. ഇ. ഓഫീസിനു കീഴിൽ എത്ര വർക്കുകൾ ടെണ്ടർ ചെയ്യാനുണ്ട്;

(ബി) ടെണ്ടർ ചെയ്ത എത്ര വർക്കുകളുടെ പണി പൂർത്തിയാക്കാനുണ്ട്;

(സി) ജില്ലാ കളക്ടർ ഓഫീസിൽ നിന്നും ഇതിലേക്ക് അനുവദിച്ച തുക ചെലവഴിക്കാതെയുണ്ടോ;

(ഡി) എങ്കിൽ എത്രയെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഏഴു വർക്കുകൾ.

(ബി) രണ്ടു വർക്കുകൾ.

(സി) & (ഡി) ഏഴു വർക്കുകളിലായി 11,06,282 രൂപ ചെലവഴിക്കാനുണ്ട്.

തച്ചംപാറ എ. ഇ. ഓഫീസിനു കീഴിൽ ടെണ്ടർ ചെയ്ത വർക്കുകൾ

86 [367] ശ്രീ. കളത്തിൽ അബ്ദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണ്ണാർക്കാട് നിയോജകമണ്ഡലത്തിൽ എം. എൽ. എ.-യുടെ പ്രാദേശിക വികസന ഫണ്ടിൽ ഉൾപ്പെടുത്തി തച്ചംപാറ എ. ഇ. ഓഫീസിനു കീഴിൽ എത്ര വർക്കുകൾ ടെണ്ടർ ചെയ്യാനുണ്ട്;

(ബി) ടെണ്ടർ ചെയ്ത എത്ര വർക്കുകളുടെ പണി പൂർത്തിയാക്കാനുണ്ട്;

(സി) ജില്ലാ കളക്ടർ ഓഫീസിൽ നിന്നും ഇതിലേക്ക് അനുവദിച്ച തുക ചെലവഴിക്കാതെയുണ്ടോ;

(ഡി) എങ്കിൽ എത്രയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) & (ബി) വർക്കുകൾ ഒന്നും ടെണ്ടർ ചെയ്യുവാനില്ല. പതിനൊന്ന് വർക്കുകൾ പൂർത്തിയാക്കാനുണ്ട്.

(സി) & (ഡി) ഉണ്ട്. ടെണ്ടർ ചെയ്ത 11 വർക്കുകളിലായി 3,33,920 രൂപ ചെലവഴിക്കാനുണ്ട്.

കാട്ടാക്കട സർക്കിളിൽ വിതരണം ചെയ്യേണ്ട ട്യൂബ് ലൈറ്റുകൾ

67 [368] ഡോ. എ. നീലലോഹിതദാസൻ നാടാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ. എസ്. ഇ. ബി. കാട്ടാക്കട സർക്കിളിന്റെ അതിർത്തിയിൽപ്പെടുന്ന വിവിധ ഗ്രാമ പഞ്ചായത്തുകൾ എത്ര ട്യൂബ് ലൈറ്റുകൾക്ക് വേണ്ടിയുള്ള ആവശ്യമാണ് നിലവിൽ ഉന്നയിച്ചിട്ടുള്ളത്; ഗ്രാമ പഞ്ചായത്തുകൾ തിരിച്ച് അവയുടെ ലിസ്റ്റ് ലഭ്യമാക്കാമോ;

(ബി) വിഴിഞ്ഞം ഗ്രാമപഞ്ചായത്തിൽ നിന്നും അപ്രകാരം ആവശ്യപ്പെട്ടിട്ടുള്ള ട്യൂബ് ലൈറ്റുകൾ സപ്ലൈ ചെയ്തു കഴിഞ്ഞോ; ഇല്ലെങ്കിൽ അവയിൽ എത്ര സപ്ലൈ ചെയ്തുകഴിഞ്ഞുവെന്നും ഇനി എത്ര സപ്ലൈ ചെയ്യാനുണ്ടെന്നും അവ എന്നത്തേക്ക് സപ്ലൈ ചെയ്യുമെന്നും വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly